ജില്ലാടൂറിസം പ്രമോഷൻ കൗൺസിൽ
രാജ് ഭവന് എതിർവശം, വെള്ളയമ്പലം,
കവടിയാർ പി.ഒ, തിരുവനന്തപുരം – 695003
ഫോൺ: 7594949402 ഇമെയിൽ:info@dtpcthiruvananthapuram.com
വെബ്സൈറ്റ്:www.dtpcthiruvananthapuram.com

നമ്പർ: ഡി.റ്റി.പി.സി/ജി–623/2021 13.04.2021

**ദർഘാസ് പരസ്യം**

വേളി ടൂറിസ്റ്റ് വില്ലേജിൽ ടൂറിസം വകുപ്പ് നിർമ്മിച്ച 5750/sq.fit ഉള്ള സ്വിമ്മിംഗ് പൂളും 635 sq.fit ഉള്ള റസ്റ്റോറന്റും,പാർക്ക് ഏരിയ, ടോയിലറ്റ്, ടിക്കറ്റ് ബ്ലോക്ക് എന്നിവ ഏറ്റെടുത്ത് നടത്തുന്നതിലേക്കായി ദർഘാസുകൾ സ്വീകരിക്കുന്നു.

പൊതു നിബന്ധനകൾ.

1. ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിൽ നിന്നും ലഭിക്കുന്ന നിശ്ചിത ഫാറത്തിൽ മാത്രമെ ദർഘാസ് സമർപ്പിക്കാൻ പാടുള്ളു. ഫാറത്തിൽ ആവശ്യപ്പെട്ടിട്ടുള്ള പൂർണ്ണ വിവരങ്ങൾ ഉൾക്കൊള്ളിക്കേണ്ടതാണ്. ദർഘാസ് ഫാറം വില രൂപ 1000/–നികുതി 18% ഉൾപ്പെടെ).
2. ദർഘാസ് ഫാറം വിതരണം ചെയ്യുന്ന അവസാന തീയതി **24.04.21 ഉച്ചയ്ക്ക് 2 മണി വരെ.**
3. ദർഘാസുകൾ സ്വീകരിക്കുന്ന അവസാന തീയതി **26.04.2021 ഉച്ചയ്ക്ക് 2 മണി വരെ.**
4. ദർഘാസുകൾ തുറക്കുന്ന തീയത **26.04.2021 വൈകുന്നേരം 3 മണി.**
5. ഏതെങ്കിലും ദേശ സാൽകൃത / അംഗീകൃത ബാങ്കിൽ നിന്നും സെക്രട്ടറി, ഡി.റ്റി.പി.സി, തിരുവനന്തപുരം എന്ന പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന 1,00,000/- (ഒരു ലക്ഷം രൂപ) രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് നിരതദ്രവ്യമായി ദർഘാസിനോടൊപ്പം ഉൾപ്പെടുത്തിയിരിക്കേണ്ടതാണ്. ടെണ്ടർ നടപടികൾ പൂർത്തിയായതിനു ശേഷം (പരമാവധി 60 ദിവസം) ലഭിച്ച വ്യക്തിയുടേത് ഒഴികെയുള്ളവരുടെ നിരതദ്രവ്യ തുക തിരികെ നൽകുന്നതാണ്. ദർഘാസിൽ നിന്നും പിൻവാങ്ങുന്നവർക്ക് ഇ.എം.ഡി തിരികെ നൽകുന്നതല്ല. നിരതദ്രവ്യത്തിന് പലിശ ഇല്ല.
6. ദർഘാസ് തുറക്കുന്നതിനായി പരസ്യപ്പെടുത്തിയിട്ടുള്ള തീയതി ഏതെങ്കിലും കാരണവശാൽ ഒഴിവു ദിവസമാകുന്ന പക്ഷം തൊട്ടടുത്ത പ്രവൃത്തി ദിവസം മുൻ നിശ്ചയിച്ച സമയത്ത് യാതൊരു അറിയിപ്പുമില്ലാതെ തന്നെ ദർഘാസ് തുറക്കുന്നതാണ്.
7. കരാർ കാലാവധി കരാർ ഒപ്പിടുന്ന ദിവസം മുതൽ പരമാവധി 3 വർഷ കാലയളവിലേക്കാണ്.

8. ദർഘാസ് സ്വീകരിയ്ക്കപ്പെട്ടാൽ രണ്ടാഴ്ചയ്ക്കുള്ളിൽ ഡി.റ്റി.പി.സി.യുമായി കരാർ ഏർപ്പെടേണ്ടതും കരാർ തീയതി മുതൽ കരാറുകാരൻ യൂണിറ്റ് പ്രവർത്തനക്ഷമമാക്കേണ്ടതുമാണ്. അല്ലാത്ത പക്ഷം കരാർ റദ്ദു ചെയ്യുന്നതിനും പുനർലേലം ചെയ്യുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനും ഡി.റ്റി.പി.സി. യ്ക്ക് അധികാരം ഉണ്ടായിരിക്കും. ആയതിനു വേണ്ട ചെലവുകളുടെ തുക കരാറുകാരനിൽ നിന്നും ഈടാക്കുവാൻ ഡി.റ്റി.പി.സി.യ്ക്ക് അധികാരമുണ്ടായിരിക്കുന്നതുമാണ്.

9. ദർഘാസ് കൊള്ളുന്നയാൾ (കരാറുകാരൻ) പലിശരഹിത സെക്യൂരിറ്റി ഡെപ്പോസി റ്റായി ക്വോട്ട് ചെയ്യുന്ന, പ്രതിമാസ തുകയുടെ ഒരു വർഷ തുക 1 വർഷത്തേക്ക് ഡി.ഡിയായി (fund transfer to DTPC SBI Kowdiar A/c. 57047068815, IFSC:SBIN0070020, through electronic method) മുൻകൂറായി നൽകേണ്ടതാണ്. അതിനുശേഷം മാത്രമേ സ്വിമ്മിംഗ് പൂളും , റസ്റ്റോറന്റും തുറന്ന് പ്രവൃത്തിപ്പിക്കാൻ അനുവദിക്കുകയുള്ളു.

10. ഡി.റ്റി.പി.സി സെക്രട്ടറി അനുവദിക്കുന്ന തീയതി മുതൽ സ്വിമ്മിംങ്ങ് പൂൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് തയ്യാറാകേണ്ടതും 200/- രൂപ മുദ്ര പത്രത്തിൽ നടത്തിപ്പ് സംബന്ധിച്ച കരാർ വയ്ക്കേണ്ടതുമാണ്.

11. പ്രസ്തുത കരാർ ഇരുക്കൂട്ടർക്കും, പ്രത്യേകം കാരണംകാണിക്കാതെ മൂന്നുമാസത്തെ നോട്ടീസ് നൽകി(മൂന്നു മാസം നോട്ടീസ് പീരിഡ്) റദ്ദാക്കാവുന്നതാണ്.

12. കരാർ റദ്ദാക്കുന്നപക്ഷം കുടിശ്ശിക തീർത്ത്, സ്ഥാപനത്തിന് നഷ്ടം ഒന്നും കരാറുകാരൻ നടത്തിയിട്ടില്ല എന്ന് ഉറപ്പാക്കി ബാക്കി സെക്യൂരിറ്റി തുക നൽകാവുന്നതാണ്.

13. കരാർ പ്രകാരമുള്ള പ്രതിമാസ ലൈസൻസ് ഫീ എല്ലാമാസവും 10-ാം തീയതിക്ക് മുൻപ് ഡി.റ്റി.പി.സി ആഫീസിൽ പണമായോ ഡി.റ്റി.പി.സിയുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റായോ ഒടുക്കേണ്ടതാണ്. (or through electronic payment method to our A/c) വീഴ്ച വരുത്തിയാൽ പ്രവൃത്തി ദിനം 100 രൂപ പിഴയോടു കൂടി ടിമാസം 25 -ാം തീയതി വരെ അടയ്ക്കാവുന്നതാണ്. പിഴയോടു കൂടി ടി.മാസം 25-ാം തീയതി ലൈസൻസ് ഫീ ഒടുക്കാത്ത പക്ഷം മുൻകൂർ അറിയിപ്പില്ലാതെ കരാർ റദ്ദാക്കുന്നതിനും പുനർലേലം ചെയ്യുന്നതിനും ഡി.റ്റി.പി.സി.യ്ക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

- സ്വിമ്മിംഗ് പൂൾ പരിസരം വൃത്തിയായി സൂക്ഷിക്കുക.
- സ്ഥാപനത്തിന്റെ അകത്ത് ഗവൺമെന്റിന്റെ നിബന്ധനകൾ കൃത്യമായി പാലിക്കുക. (പുകവലി, മദ്യം, ലഹരി പാദാർത്ഥങ്ങൾ എന്നിവ പൂർണ്ണമായി നിരോധിച്ചുകൊണ്ടുള്ള ബോർഡ് യൂണിറ്റിനകത്ത് സ്ഥാപിക്കുക.
- സ്വിമ്മിംഗ് പൂൾ, ബാത്ത്റൂം എന്നിവ വൃത്തിയായും പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കാതെ നോക്കേണ്ടതുമാണ്.
- സ്വിമ്മിംഗ് പൂളിലെ വെള്ളത്തിന്റെ ശുചീകരണം ദിവസവും നടത്തേണ്ടതാണ്.

- പൊതുജനങ്ങൾ സ്വിമ്മിംഗ് പൂളിൽ നീന്താൻ ഇറങ്ങുമ്പോൾ സ്വിമ്മിംഗ് സ്യൂട്ട് നിർബന്ധമായും ധരിച്ചിരിക്കണം.
- നീന്തൽ കുളത്തിൽ ലൈഫ്ഗാഡ് നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.
- നീന്തൽ കുളം പരിസരത്തുള്ള ലൈറ്റുകൾ, ബാത്ത് റൂമിലെ മറ്റു ഉപകരണങ്ങൾ എന്നിവ കേടുപാടു വരുത്താതെ നോക്കേണ്ടതാണ്.
- പൂർണ്ണമായും ഹരിത ചട്ടം പാലിച്ച് കൊണ്ട് മാത്രമേ പാർക്കിന്റെ പ്രവർത്തനം നടത്താൻ പടുള്ളു.

14. ടെണ്ടർ ഫോറത്തിന്റെ വില അടച്ച രസീതിന്റെ പകർപ്പ് ടെണ്ടറിനോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.
15. കരാറുകാരൻ സ്വന്തം PAN കാർഡിന്റെ പകർപ്പ്, വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം തെളിയിക്കുന്നതിനുള്ള രേഖകളുടെ പകർപ്പ് എന്നിവ ടെണ്ടർ ഫോറത്തോടൊപ്പം സമർപ്പിക്കേണ്ടതാണ്.

ഒപ്പ്

സെക്രട്ടറി
ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ
തിരുവനന്തപുരം.